പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 1362 06-02-2020 -ൽ മറുപടിക്ക്

**മലപ്പുറം ജില്ലയിലെ പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി. ഉബൈദുള്ള** | | **ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2019-ലെ പ്രളയ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി മലപ്പുറം ജില്ലയിൽ സർക്കാർ പ്രഖ്യാപിച്ച പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; മണ്ഡലം തിരിച്ചുള്ള കണക്കുകൾ വിശദമാക്കുമോ; | എ) & ബി) | 2019-ലെ പ്രളയത്തെത്തുടർന്ന് മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ പോത്തുകല്ല് വില്ലേജിൽ ഉൾപ്പെടുന്ന കവളപ്പാറയിൽ ഉരുൾപ്പൊട്ടലിനെത്തുടർന്ന് ദുരിതമനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി ഭൂമി വിലയ്ക്ക് വാങ്ങി വീട് വെച്ച് നൽകുന്നതിന് ഭൂദാനം നവകേരളം ഗ്രാമം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പുനരധിവാസ പ്രവർത്തനങ്ങളുടെ കണക്കുകൾ മണ്ഡലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.<br>വീട് വെച്ച് നൽകുന്നതിനായി ഭൂമി കണ്ടെത്തുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |
| ബി) | ഇവ ഓരോന്നും ഏതുഘട്ടത്തിലാണെന്നും അവയുടെ പുരോഗതിയും വെളിപ്പെടുത്തുമോ; | | |
| സി) | പ്രാഥമിക ധനസഹായമായ 10000/- രൂപ ഇനിയും ലഭിക്കാത്ത കുടുംബങ്ങളുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ധനസഹായ വിതരണം സംബന്ധിച്ച് താലൂക്കുതല കണക്കുകൾ വിശദമാക്കുമോ? | സി) | പരിശോധനയിൽ അർഹരാണെന്നു കണ്ടെത്തിയ എല്ലാ പേർക്കും 10,000 രൂപ സഹായധനം വിതരണം ചെയ്തിട്ടുണ്ട്. ഇനിയും ആർക്കെങ്കിലും പ്രസ്തുത സഹായം ലഭിക്കാനുണ്ടെങ്കിൽ ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.<br>താലൂക്കുതല കണക്കുകൾ ചുവടെ ചേർക്കുന്നു |

| താലൂക്ക് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| തിരൂരങ്ങാടി | 10834 | 108340000 |
| നിലമ്പൂർ | 9449 | 94490000 |
| ഏറനാട് | 7467 | 74670000 |
| കൊണ്ടോട്ടി | 3375 | 33750000 |
| പെരുന്തൽമണ്ണ | 3101 | 31010000 |
| പൊന്നാനി | 3093 | 30930000 |
| തിരൂർ | 9694 | 96940000 |
| **ആകെ** | **47013** | **470130000** |

സെക്ഷൻ ഓഫീസർ